# അക്കാദമിക മാസ്റ്റർ പ്ലാൻ

2025 -2026

## ജി എൽ പി എസ് കാഞ്ഞിരമുക്ക്

# അക്കാദമിക  മാസ്റ്റർ പ്ലാൻ  2025 -26

**ആമുഖം**

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കുന്നതിന്റെ ആദ്യ പടിയായാണ് സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്.കുട്ടികളുടെ സമഗ്ര വികസനത്തിന് അനുഗുണമായ പ്രവർത്തനങ്ങളോടൊപ്പം ഓരോ കുട്ടിയുടെയും അറിവും കഴിവും വികസിപ്പിക്കേണ്ടതുണ്ട്.സമൂഹത്തിലെ എല്ലാ വിഭാഗം കുട്ടികളെയും പഠന പ്രവർത്തനങ്ങളുടെ ഭാഗമാക്കുക, ഓരോ കുട്ടിയുടെയും പഠന പുരോഗതിയും സമഗ്ര വികാസവും ഉറപ്പാക്കുക ,അതത് ക്ലാസുകളിൽ നേടേണ്ട പഠന ലക്ഷ്യങ്ങൾ ഉറപ്പുവരുത്തുക എന്ന വിശാലമായ ലക്ഷ്യങ്ങൾ മുന്നിൽ കണ്ടുകൊണ്ടാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. സ്കൂളിലെ മുഴുവൻ വിദ്യാർത്ഥികളെയും ഉൾക്കൊള്ളുന്നതും,ഒരു കുട്ടിയെ ഒരു യൂണിറ്റായി പരിഗണിച്ചു കൊണ്ടുള്ളതും, പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് പ്രാധാന്യം നൽകികൊണ്ടുള്ളതും,  അവരുടെ പഠനനിലവാരം ഉയർത്തുന്നതുമായ പ്രവർത്തനങ്ങൾ ആണ് ആസൂത്രണം ചെയ്തിരിക്കുന്നത്. പഠനപ്രവർത്തനങ്ങൾ ശിശു സൗഹാർദവും കൂടുതൽ ആസ്വാദ്യകരവും ആക്കി മാറ്റാനും ,അതോടൊപ്പം കുട്ടികളുടെ പഠനകാര്യങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്താനും പദ്ധതി ലക്ഷ്യമിടുന്നു.

# പൊതു ലക്ഷ്യങ്ങൾ

1 .ഓരോ കുട്ടിയും മാതൃഭാഷയിൽ അടിസ്ഥാനശേഷികൾ കൈവരിക്കുക.

2.ഇംഗ്ലീഷ്, അറബിക്  ഭാഷ വികാസം ഉറപ്പു വരുത്തുക.

3.ഓരോ കുട്ടിയെയും ഒരു യൂണിറ്റായി കണ്ട്  കുട്ടികളുടെ അഭിരുചി കഴിവ് എന്നിവയ്ക്ക് പരമാവധി പ്രോത്സാഹനവും ഉയർന്ന പരിശീലനവും ലഭ്യമാക്കുക.

4.വായന ഒരു ശീലമാക്കി മാറ്റുക.

5.ഒന്നാം ക്ലാസ് മുതൽ നാലാം ക്ലാസ് വരെയുള്ള മുഴുവൻ കുട്ടികൾക്കും അക്കാദമിക സപ്പോർട്ടിനായി പാഠഭാഗങ്ങൾക്ക് അനുസൃതമായി വർക്ക് ഷീറ്റുകൾ എസ് ആർ ജിയുടെ നേതൃത്വത്തിൽ ലഭ്യമാക്കുക.

6.സർഗാത്മകത വികസിപ്പിക്കുന്നതിനായി സർഗ്ഗ വേളകൾ,അസംബ്ലി, വായനോത്സവം, രചനോത്സവം എന്നിവ കൂടുതൽ പ്രയോജനപ്പെടുത്തുക

7.മാലിന്യമുക്ത വിദ്യാലയം,ഹരിത പെരുമാറ്റ ചട്ടം പാലിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം, ശുചിത്വം,വേസ്റ്റ് മാനേജ്മെന്റ്, മലിനജല നിർമാർജനം തുടങ്ങിയവ കൃത്യമായി നടപ്പാക്കുക.

8.കൃഷി,ഉദ്യാനം എന്നിവ മികച്ച രീതിയിൽ പരിപാലിക്കുക.

9.കുട്ടികളിലെ മൊബൈൽ ഉപയോഗത്തിനെതിരെ രക്ഷിതാക്കൾക്ക് ബോധവൽക്കരണം നൽകുക.

10.സാങ്കേതികവിദ്യയുടെ സാധ്യതകൾ കൂടുതൽ പ്രയോജനപ്പെടുത്തുക.

# ലക്ഷ്യങ്ങൾ

ഭാഷ

- എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.
- എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസുകൾക്ക് അനുയോജ്യമായ തരത്തിലുള്ള ആശയവിനിമയ ശേഷി.നേടി എന്ന് ഉറപ്പുവരുത്തുക.
- കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക.
- സർഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക.
- ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക.
- ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തുക.
- മികച്ച വായനാശീലം വളർത്തുക.

ഇംഗ്ലീഷ്

- ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക.
- ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക.
- സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക.
- സ്വതന്ത്ര എഴുത്തിന് സജ്ജരാക്കുക.
- സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷ വികസനത്തിന് പ്രയോജനപ്പെടുത്തുക.

- ക്ലാസ്സ്ഥല വായനാ മൂല, സ്കൂൾ ലൈബ്രറി എന്നിവിടങ്ങളിൽ ലഘു ഇംഗ്ലീഷ് പുസ്തകങ്ങൾ സജ്ജീകരിക്കുക.

പരിസര പഠനം

- ശാസ്ത്ര പഠനത്തിൽ താൽപര്യം വളർത്തുക
- ശാസ്ത്രബോധം ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക.
- ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവം ഒരുക്കുക
- ശാസ്ത്ര പ്രക്രിയശേഷികൾ വികസിപ്പിക്കുക.
- പ്രകൃതിയെ അറിയുക, ജൈവവൈവിധ്യം പരിചയപ്പെടുക

ഗണിതം

- അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക
- ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക
- ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടിയെന്ന് ഉറപ്പാക്കുക.
- ആധുനിക സാങ്കേതിക വിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക.
- ഗണിത ചിന്താ യുക്തിചിന്ത വിശകലനശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.

അറബിക്

- എല്ലാ കുട്ടികളെയും ആശയങ്ങൾ ഉൾക്കൊണ്ടുകൊണ്ട് വായിക്കാനും എഴുതാനും പ്രാപ്തരാക്കുക.

- വായനയിലൂടെയും എഴുത്തിലൂടെയും ഭാഷ ശേഷി വർദ്ധിപ്പിക്കുന്നതിനായി ഉള്ള സാഹചര്യം ക്ലാസ് മുറികളിൽ ഒരുക്കുക
- ഭാഷാ പഠനത്തിൽ ഐ.ടി.യുടെ സാധ്യതകൾ പ്രയോജനപ്പെടുത്താനും വികസിപ്പിക്കാനും ഉള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക

# പ്രവർത്തന പദ്ധതികൾ

## മലയാളം

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|---|
| പുസ്തകം എന്റെ ചങ്ങാതി | കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക | പുസ്തകങ്ങൾ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നതിനായി പ്രദർശിപ്പിക്കുന്നു.<br>ലഘു വിവരണവും പ്രദർശിപ്പിക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം |
| എന്റെ പിറന്നാൾ പുസ്തകം | മികച്ച വായനാശീലം വളർത്തുക | എല്ലാ ക്ലാസിലും ക്ലാസ്സ് ലൈബ്രറി ലഭ്യമാക്കുന്നു.പിറന്നാൾ പുസ്തകം പരിപാടിയിലൂടെ പുസ്തകങ്ങൾ ശേഖരിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ |
| ഉച്ചഭാഷിണി വായന | അർത്ഥ പൂർണ്ണമായി വായിക്കാൻ കുട്ടികൾക്ക് കഴിയുന്നു. | ഉച്ചഭാഷിണിയിലൂടെ ഒരു ദിനം ഒരു കുട്ടിയുടെ വായന. | ജൂൺ മുതൽ മാർച്ച് വരെ |
| അക്ഷരക്കൂട്ട ◌ം | മികച്ച വായനാശീലം വളർത്തുക. | ഒഴിവുസമയങ്ങളിൽ വായിക്കുവാൻ ഓരോ ക്ലാസ് മുറികളിലും പ്രത്യേക വായന കോർണർ ഒരുക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ |

| | | | |
|---|---|---|---|
| | റീഡേഴ്സ് തിയേറ്റർ | ക്ലാസ് റൂം പ്രക്രിയകളിൽ ഇതിന്റെ സാധ്യത പരമാവധി പ്രയോജനപ്പെടുത്തുന്നു. | |
| സ്കൂൾ ലൈബ്രറി | മികച്ച വായന ശീലം വളർത്തുക. | സ്കൂൾ ലൈബ്രറി വിപുലീകരിച്ച് ലൈബ്രറി സജ്ജമാക്കൽ | ജൂൺ മുതൽ മാർച്ച് വരെ |
| ക്ലാസ് തല കയ്യെഴുത്ത് മാഗസിൻ | ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നതിനുള്ളകഴിവ് നേടുക. | ഓരോ മാസത്തിലെ പഠന പ്രവർത്തനങ്ങളിലെ മികച്ച പ്രവർത്തനങ്ങൾ. ഉൾക്കൊള്ളിച്ച് ക്ലാസ് കയ്യെഴുത്ത് മാഗസിൻ ഒരുക്കൽ. | വർഷത്തിൽ ഒന്ന് |

| | | | |
|---|---|---|---|
| ക്ലാസ് തല ഡയറികൾ | ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക. | വിശേഷങ്ങളും ക്ലാസിലെ വിവരങ്ങളും പങ്കുവെക്കുന്ന ഡയറി എഴുതൽ. | ജൂൺ മുതൽ മാർച്ച് വരെ |
| എന്റെ വായന കുറിപ്പുകൾ | എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായിമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക. | വായിച്ച പുസ്തകങ്ങളെ കുറിച്ചുള്ള വായന കുറിപ്പ് തയ്യാറാക്കൽ. | ജൂൺ മുതൽ മാർച്ച് വരെ |
| രചനോത്സവം | ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് | അധ്യാപകർ തയ്യാറാക്കിയ വ്യവഹാര രൂപങ്ങളുടെ മാതൃകകൾ ലഭ്യമാക്കിയ വ്യവഹാര രൂപങ്ങൾ മാറ്റിയെഴുതൽ. | ജൂൺ മുതൽ മാർച്ച് വരെ |

| | | | |
|---|---|---|---|
| | നേട്ടുക. | | |
| സചിത്രപാഠങ്ങൾ | ആശയവിനിമയ ശേഷി കൈവരിക്കൽ. | പഠന പിന്നാക്കാവസ്ഥ നേരിടുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം. | ഒക്ടോബർ -മാർച്ച് |
| പാട്ടരങ്ങ് | ഭാവപ്രകടനം ശബ്ദപ്രയോഗം സംഗീതാത്മകത തുടങ്ങിയ വൈവിധ്യങ്ങളിലൂടെ ഭാഷാജ്ഞാനവും ആത്മവിശ്വാസവും ◌ം വളർത്തുക. | കുട്ടികൾ ആസ്വദിക്കുന്ന പാട്ടുകൾ പഠിപ്പിച്ച് അതിന്റെ അവതരണം സംഘടിപ്പിക്കുന്നു താളങ്ങളുമായി അനുബന്ധിക്കുന്ന ഭാവങ്ങൾ അവതരിപ്പിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ |
| റീഡേഴ്സ് തിയേറ്റർ | വായന താൽപര്യവും, അഭിനയം വഴി വ്യക്തിത്വ വികസനവുമാണ് പ്രധാന ലക്ഷ്യം. | കുട്ടികൾക്ക് അഭിനയത്തോടെ വായിക്കാൻ പരിശീലനം നൽകുന്നു. കഥാനായകർ സംഭാഷണ ശൈലി ശബ്ദവ്യത്യാസം എന്നിവ ഉപയോഗിച്ച് അഭിനയ വായനയിലൂടെ അവതരണം നടത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ |

# ഗണിതം

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|---|
| ഗണിത വർക്ക്ഷീറ്റുകൾ | പാഠ്യപദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള മുഴുവൻ പഠന നേട്ടങ്ങൾക്കും എല്ലാ കുട്ടികളെയും | എല്ലാ ക്ലാസ്സ് യൂണിറ്റിലേക്കും പഠന നേട്ടങ്ങൾ ബന്ധപ്പെടുത്തി | ഓരോ ടേമിലും |

| | | | |
|---|---|---|---|
| | അർഹരാക്കുക. | വർക്ക്ഷീറ്റുകൾ തയ്യാറാക്കൽ. | |
| ഗണിത ലാബ് | അടിസ്ഥാന ഗണിതശയങ്ങൾ മുഴുവൻ കുട്ടികൾക്കും എത്തിക്കുക. | കുട്ടികൾക്ക് സ്വതന്ത്രരായി ഇടപെടാൻ സഹായകമായ തരത്തിൽ ഗണിത ലാബ് സജ്ജമാക്കൽ. | |
| ഗണിത മൂല | അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികളും ആർജിക്കുന്നതിന്. | മുഴുവൻ ക്ലാസിലും ഗണിത മൂലകൾ ക്രമീകരിക്കൽ. | ജൂൺ |
| യൂണിറ്റ് വിലയിരുത്തൽ | ഓരോ ക്ലാസിലും കൈവരിക്കേണ്ട ഉള്ളടക്കപരമായ ധാരണ കൈവരിക്കുന്നു എന്ന് ഉറപ്പാക്കൽ. | ഓരോ യൂണിറ്റിന്റെയും അവസാനം മൂല്യനിർണയം നടത്തി പരിഹാരബോധനം ഉറപ്പുവരുത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ |
| ഗണിത ക്ലാസ് പിടിഎ | ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിത ശേഷി നേടിയെന്ന് ഉറപ്പാക്കൽ. | ഓരോ ക്ലാസിലും ഗണിത പാഠങ്ങളിലെ HW പ്രവർത്തനങ്ങൾ രക്ഷിതാക്കൾക്ക് ലിസ്റ്റ് ചെയ്ത് നൽകുന്നു. | ഓരോ ടേമിലും |
| ഗണിതം മധുരം | അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കൽ. | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക പഠന പദ്ധതി ആസൂത്രണം ചെയ്യൽ ശില്പശാലകൾ. | ജൂൺമുതൽ ആഗസ്റ്റ് വരെ |

ENGLISH

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|---|
| ശ്രവണ സാധ്യതകൾ | ഇംഗ്ലീഷ് ഭാഷ ധാരാളമായി കേൾക്കുവാനുള്ള അവസരം ഒരുക്കൽ | കാർട്ടൂൺ പ്രദർശനങ്ങൾ | രണ്ടാഴ്ചയിൽ ഒരു തവണ |
| വായന പരിപോഷണം | ഒഴുക്കോടെയുള്ള വായനയ്ക്ക് കുട്ടികളെ പ്രാപ്തരാക്കുക | രക്ഷിതാക്കളുടെ സഹകരണത്തോടെ വായനാ കാർഡുകൾ നിർമ്മിക്കൽ, കുട്ടികളുടെ നിലവാരത്തിനനുസരിച്ചുള്ള പുസ്തകങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ട്<br><br>വായന മൂല ഒരുക്കൽ | ജൂൺ - ഓഗസ്റ്റ് |
| വർക്ക് ഷീറ്റുകൾ | മുഴുവൻ കുട്ടികളും ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം നേടുക | ഭിന്ന നിലവാരക്കാരായ കുട്ടികൾക്കായി വർക്ക്ഷീറ്റുകൾ തയ്യാറാക്കുന്നു | |
| സർഗാത്മകത പരിപോഷണം | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളായി അവതരിപ്പിക്കൽ | സ്കിറ്റ്, ഡ്രാമ, കോൺവെർസേഷൻ, സ്റ്റോറി ടെല്ലിങ് | |
| എഴുത്തും വായനയും | ഇംഗ്ലീഷ് നന്നായി പറയുവാനും എഴുതുവാനും കഴിയുന്ന | വായന മത്സരം, രചന മത്സരം | |

| | | | |
|---|---|---|---|
| | നിലവാരത്തിൽ എത്തിക്കൽ | | |

## പരിസര പഠനം

| പ്രവർത്തന ത്തിന്റെ പേര് | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|---|
| പ്രകൃതി നടത്തം | ചുറ്റുപാടുമുള്ള ജീവജാലങ്ങളെ നിരീക്ഷിക്കുന്നു, | • ചുറ്റുപാടുമുള്ള ജീവജാലങ്ങളെ നിരീക്ഷിക്കുന്നു<br>• വിവിധ ആവാസ വ്യവസ്ഥകൾ അടുത്തറിയുന്നു<br>• നമുക്ക് ചുറ്റുപാടുമുള്ള മലിനീകരണ പ്രശ്നങ്ങൾ അനുഭവിച്ചറിയുന്നു | ജൂൺ - മാർച്ച് |
| പൂന്തോട്ടം ഒരുക്കാം | | • സ്കൂൾ പൂന്തോട്ടം പരിപാലിക്കൽ<br>• വീട്ടിൽ പൂന്തോട്ടം ഒരുക്കൽ | ജൂൺ - മാർച്ച് |
| ഒരു തൈ നടാം | | • പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷത്തൈ നടൽ | ജൂൺ - മാർച്ച് |
| ഭക്ഷ്യമേള | ആഹാര ശീലങ്ങളും ഭക്ഷണ വസ്തുക്കളുടെ പ്രത്യേകതകളും തിരിച്ചറിവ് | • ഭക്ഷ്യമേളപ്രദർശനം വിഭവങ്ങൾ ഉപയോഗിച്ചുള്ള പാചകവും രുചിയറിവും<br>• ക്ലാസിൽ ഒരു സദ്യ | സെപ്റ്റംബ ർ - ഡിസംബർ |
| വ്യക്തി ശുചിത്വവും | ദിന കൃത്യങ്ങൾ | • ഓരോ ദിനവും പ്രഭാതകൃത്യങ്ങൾ കഴിഞ്ഞ | ജൂൺ - ഡിസംബർ |

| | | | |
|---|---|---|---|
| പരിസര ശുചിത്വവും | | സ്കൂളിൽ വരാവൂ എന്ന ബോധം ക്ലാസ് ചർച്ചകളിലൂടെ ഉറപ്പിക്കുന്നു .<br>• കുട്ടികളെ ഗ്രൂപ്പുകൾ ആക്കി ഓരോ ദിവസത്തെയും പരിശോധന ചുമതല ഓരോ ഗ്രൂപ്പിന് നൽകുന്നു.<br>• ക്ലാസ്സ് തലത്തിൽ ശുചിത്വ മത്സരം<br>• വ്യക്തി ശുചിത്വം ക്ലാസ് റൂം, പരിസരശുചിത്വം എന്നിവ അടിസ്ഥാനപ്പെടുത്തി മാർക്ക് നൽകുന്നു | |
| പ്രകൃതി നടത്തം | പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക | • ചുറ്റുപാടുമുള്ള ജീവജാലങ്ങളെ നിരീക്ഷിക്കുന്നുപ്രത്യേകതകൾ മനസ്സിലാക്കുന്നു<br>• വിവിധ ആവാസ വ്യവസ്ഥകൾ അടുത്തറിയുന്നു<br>• ജീവികളുടെ പരസ്പരാശ്രയത്വം ചർച്ച<br>• നമുക്ക് ചുറ്റുപാടുമുള്ള മലിനീകരണ പ്രശ്നങ്ങൾ അനുഭവിച്ചറിയുന്നു<br>• പ്രകൃതിക്ക് ഭീഷണിയാകുന്ന മനുഷ്യന്റെ ചില ഇടപെടലുകൾ മനസ്സിലാക്കുന്നു<br>• തെറ്റും ശരിയും ചർച്ച ചെയ്യുന്നു | ജൂൺ - ഡിസംബർ |
| | | • നമ്മുടെ പരിസരത്തെ മലിനീകരണ പ്രശ്നങ്ങൾ അടുത്തറിയാം<br>• പ്രശ്നങ്ങൾ കണ്ടെത്തി പരിഹാരം നിർദ്ദേശിക്കാം | ജനുവരി - മാർച്ച് |

| | | | |
|---|---|---|---|
| ഫീൽഡ് ട്രിപ്പ്<br><br><br><br><br>പരീക്ഷണങ്ങൾ<br><br>ശാസ്ത്ര പ്രതിഭകളെ അടുത്തറിയാം | ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താല്പര്യവും വളർത്തുക | • നമ്മുടെ നാടിനെ പരിസ്ഥിതിയെ അടുത്തറിയുന്ന തിനായി ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു<br><br>• ശാസ്ത്ര കൗതുകം വളർത്തുന്ന പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു<br><br><br>• ക്യാമ്പ്<br>• മികച്ച ശാസ്ത്ര അധ്യാപകന്റെ വനം ലഭ്യമാക്കൽ<br>• ശാസ്ത്ര മാസികകൾ. | ജനുവരി - മാർച്ച്<br><br><br><br><br><br>ഡിസംബർ- ഫെബ്രുവരി |